എക്സ്-ഒഫിഷ്യോ ചെയർമാൻ ബഹു.ധനകാര്യ വകുപ്പുമന്ത്രിയാണ്. ഇതിന്റെ അവസാനബോർഡ് മീറ്റിംഗ് 14.10.98-ൽ നടന്നു.

(ബി) ബോർഡിന്റെയോ ക്ലെയിംസ് കമ്മിറ്റിയുടെയോ ബോർഡ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റിന്റെയോ അനുവാദത്തോടെയാണ് ചീഫ് എക്സിക്യൂട്ടീവ് ക്ലെയിമിന്മേൽ അന്വേഷണം നടത്തേണ്ടത്.

(സി) ചീഫ് എക്സിക്യൂട്ടീവ് അടക്കമുള്ള ആകെ 9 പേരിൽ 6 പേരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ബാക്കി മൂന്നുപേർ സർക്കാർ സർവ്വീസിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ദിവസക്കൂലി നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന് വ്യവസ്ഥയില്ല.

(ഡി) ദിവസക്കൂലിയടിസ്ഥാനത്തിൽ ആറു ജീവനക്കാർ ജോലി ചെയ്തുവരുന്നു. സ്ഥിരപ്പെടുത്തുന്ന കാര്യം വെൽഫെയർ ബോർഡാണ് തീരുമാനിക്കേണ്ടത്.

വ്യാപാരക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ നടപടി

54(1877)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരക്ഷേമനിധി ബോർഡിന്റെ കാലാവധി കഴിഞ്ഞിട്ടും എത്രനാളായി ഇപ്പോൾ ബോർഡ് നിലവിലുണ്ടോ;

(ബി) ബോർഡിന്റെ കാലാവധിക്കുള്ളിൽ എത്ര ബോർഡുയോഗങ്ങൾ കൂടിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ ഭരണം നടത്തിയിരുന്നതും ചെലവുകൾ ചെയ്തതും ബോർഡ് യോഗം കൂടി ബഡ്ജറ്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നോ;

(ഡി) ബോർഡിൽനിന്നും അംഗങ്ങളുടെ മരണാനന്തര സഹായം കൊടുക്കാതായിട്ട് എത്ര വർഷങ്ങൾ ആയി;

(ഇ) ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ബോർഡിന്റെ കാലാവധി 18.6.99-ൽ അവസാനിച്ചു.

(ബി) ആറു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(സി) ബോർഡിന്റെ അംഗീകാരത്തോടുകൂടിയായിരുന്നു.

(ഡി) 2000 ജനുവരിവരെ മരണാനന്തര സഹായം നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

55(1878) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം നിലവിൽ വന്നതിനെത്തുടർന്ന് എക്സൈസ് വകുപ്പ് പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചാരായ നിരോധനം ഫലപ്രദമാക്കുന്നതിന് ഉത്തരവാദപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടി ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിനായി ഉന്നതതലത്തിൽ നിന്നുള്ള എന്തൊക്കെ പരിശോധന സംപ്രദായമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ചാരായനിരോധനം ഫലപ്രദമാക്കുന്നതിന് പ്രവർത്തിക്കേണ്ട എക്സൈസ് റേഞ്ച് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നു വ്യക്തമാക്കുമോ;

(എഫ്) ഇതിനായി ഉന്നതതലങ്ങളിൽ നിന്നുള്ള മിന്നൽ പരിശോധനാ സംപ്രദായങ്ങളും പ്രത്യേക എക്സൈസ് സ്കാഡ് പ്രവർത്തനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സർക്കിൾ ഓഫീസുകൾ ഇല്ലാതിരുന്ന 14 താലൂക്കുകളിൽ പുതിയ സർക്കിൾ ഓഫീസുകൾ സ്ഥാപിക്കുകയും 7 ചെക്കുപോസ്റ്റുകളിൽ ആവശ്യമായ ഉദ്യോഗസ്ഥന്മാരെ നൽകി സ്ഥിരം ചെക്കുപോസ്റ്റുകൾ ആക്കുകയും ചെയ്തു. കൂടാതെ അഗളിയിൽ പുതിയ റേഞ്ച് ഓഫീസ് സ്ഥാപിച്ചു. വ്യാപകമായി വ്യാജചാരായ ഉൽപ്പാദനവും വിപണനവും നടക്കുന്ന കേന്ദ്രങ്ങളിൽ കൂട്ടായ റെയ്ഡ് നടത്തി മേൽനടപടി സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് 252 പ്രിവന്റീവ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർമാർക്കും അതിനുമീതെയുള്ള ഉദ്യോഗസ്ഥർക്കും റിവോൾവർ നൽകുന്നതിനും, ടെലിഫോൺ സൗകര്യം ഇല്ലാത്ത ഓഫീസുകളിൽ ടെലിഫോൺ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി)&(ഡി) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും അസി. എക്സൈസ് കമ്മീഷണർമാരും സർക്കിൾ ഇൻസ്പെക്ടർമാരും കൂടെക്കൂടെ കീഴാഫീസുകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ജില്ലാതലത്തിൽ അസി. എക്സൈസ് കമ്മീഷണറും മേഖലാടിസ്ഥാനത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ എക്സൈസ് കമ്മീഷണറും വകുപ്പു പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ ബ്ലോക്കുതല ജനകീയ കമ്മിറ്റികൾകൂടി ചാരായനിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും ഷാപ്പുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധന നടത്തി കുറ്റക്കാർക്കെതിരെ വ്യവസ്ഥാപിതമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) റേഞ്ച് ഓഫീസുകളിൽ എക്സൈസ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ച് റെയിഞ്ചുകളുടെ പ്രവർത്തനം എൻഫോഴ്സ്മെന്റ് മാത്രമാക്കി പരിമിതപ്പെടുത്തി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. 40 അസി. എക്സൈസ് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ റെയിഞ്ചുകളിലും നിയമനം നടത്തിയിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും എല്ലാ റെയിഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ടെലിഫോൺ സൗകര്യവും വാഹനങ്ങളുടെ ലഭ്യതയും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. മിന്നൽ പരിശോധനാ സംപ്രദായവും എക്സൈസ് സ്പെഷ്യൽ സ്കാഡിന്റെയും എക്സൈസ് വിജിലൻസ് വിംഗിന്റെയും പ്രവർത്തനങ്ങളും ഊർജ്ജിതമായി നടക്കുന്നുണ്ട്.

ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം

56 (1879) ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുണ്ട്;

(ബി) ഇവയുടെ മൊത്തം ഉൽപ്പാദനശേഷിയും പ്രതിശീർഷ ഉൽപ്പാദനശേഷിയും എത്രയാണ്;

(സി) സംസ്ഥാനത്തേയ്ക്ക് 1998-99-ൽ ഇറക്കുമതി ചെയ്ത ഇൻഡ്യൻ നിർമ്മിത വിദേശമദ്യം എത്രയാണ്;

(ഡി) പ്രസ്തുത വർഷം എത്രമാത്രം വ്യാജമദ്യം സംസ്ഥാനത്ത് വീണിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ഇ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തെ യൂണിറ്റുകളുടെ ഉൽപ്പാദനശേഷി മുഴുവൻ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വിദേശ മദ്യവും ഇറക്കുമതി ചെയ്തിട്ടുള്ള വിദേശമദ്യവും വിൽക്കപ്പെട്ടിട്ടുള്ള വ്യാജമദ്യവുംകൂടി ചേരുമ്പോൾ പ്രസ്തുത വർഷം സംസ്ഥാനത്ത് പ്രതിശീർഷ മദ്യ ഉപഭോഗത്തിന്റെ അളവ് എത്രയാണ്;

(എഫ്) 1998-99-ൽ മദ്യത്തിന്റെ ഉപഭോഗത്തിനായി സംസ്ഥാനം ഒട്ടാകെ എന്തു തുക ചെലവഴിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു;

(ജി) മദ്യത്തിനുവേണ്ടി പ്രസ്തുത വർഷത്തെ പ്രതിശീർഷ ചെലവ് എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

G.O. (Rt.) 1002/2000/Fin. Dated, Thiruvananthapuram, 18.2.2000.

Read :- Letter No. LF1/Estt.1/2000 dated 29.1.2000 from the Director of Local fund Audit, Thiruvananthapuram.

ORDER

Government are pleased to issue the following transfer and posting orders of Deputy Directors of Local Fund Audit in the Local Fund Audit Department with immediate effect.

Sri. N.P. Sadasivan Pillai, Deputy Director of Local Fund Audit, Tourism week celebration Audit, Thiruvananthapuram and Sri. R. Sethu Madhava Pisharody, Deputy Director, Local Fund Audit Department, Corporation Audit, Thiruvananthapuram are mutually transferred and posted as Deputy Director of Local Fund Audit, Corporation Audit, Thiruvananthapuram and Deputy Director, Local Fund Audit Department, Tourism week celebration Audit, Thiruvananthapuram respectively.

By Order of the Governor,

A.U. VIMALA
Additional Secretary (Finance)

To

The Principal Accountant General (Audit), Kerala, Tvpm.
The Accountant General (A&E), Kerala, Tvpm.
The Director, Local Fund Audit, Thiruvananthapuram.
Sri. K.P. Sadasivan Pillai, Deputy Director and
Sri. K. Sethumadhavan Pisharody, Deputy Director
(through the Director of Local Fund Audit)
Stock file/office copy.

Forwarded /By order
Section Officer

അനുബന്ധം V

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 56 (1879)-ാം നമ്പർ ചോദ്യം ദയവായി കാണുക.

1. മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല
2. സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി, നെയ്യാറ്റിൻകര, തിരുവനന്തപുരം.
3. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല.
4. കാസനോവ ഡിസ്റ്റിലറി, കോട്ടയം
5. കെയ്സി ഡിസ്റ്റിലറി, പുതുക്കാട്, തൃശൂർ
6. പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി, തൃശൂർ
7. കേരള ഡിസ്റ്റിലറി ആന്റ് അലൈഡ് പ്രോഡക്സ്, കഞ്ചിക്കോട്, പാലക്കാട്.
8. കേരള ആൾക്കഹോളിക് പ്രോഡക്സ്, പാലക്കാട്.
9. സെവൻസീസ് ഡിസ്റ്റിലറി, തൃശൂർ.
10. തോട്ടയ്ക്കാട് ഡിസ്റ്റിലറി, ആലുവ.
11. സൂപ്പർസ്റ്റാർ ഡിസ്റ്റിലറി, തൃശൂർ.

LIBRARY ARCHIVES Kerala Legislative Assembly

12. എം.പി. ഡിസ്റ്റിലറി, പാലക്കാട്
13. എലൈറ്റ് ഡിസ്റ്റിലറീസ് ആന്റ് ബിവറേജസ്, തൃശൂർ
14. യുണൈറ്റഡ് ഡിസ്റ്റിലറി, കോഴിക്കോട്
15. കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ

അനുബന്ധം VI

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 57 (1880)-ാം നമ്പർ ചോദ്യം ദയവായി കാണുക

1. ഹോട്ടൽ ചാണക്യ, ഉള്ളൂർ, ശ്രീമതി ചിത്രാ രമേശ്
2. ഹോട്ടൽ താജ് ഗാർഡൻ, വർക്കല, ജി.എം. ടാജ് ഗാർഡൻ.
3. മാരാരി ബീച്ച്, മാരാരിക്കുളം, ആലപ്പുഴ, ഡൊമിനിക്, എം.ഡി.
4. ടാജ് റിട്രീറ്റ്, കുമരകം മനോജ് മാത്യു, മാനേജർ
5. കോക്കനട്ട് ലഗൂൺ, കുമരകം - സിദ്ധാർത്ഥ ഡൊമനിക്,
6. ടാജ് റിട്രീറ്റ് ഗാർഡൻസ്, തേക്കടി, ഡി. ഡൊമനിക്, ജനറൽ മാനേജർ
7. സ്പൈസസ് വില്ലേജ്, തേക്കടി, മൈക്കിൾ ഡൊമിനിക്, എക്സിക്യൂട്ടീവ് ഓഫീസർ
8. ഹോട്ടൽ അവശ്യ റീജന്റ് - എറണാകുളം ഒ.റ്റി. അലക്സാണ്ടർ
9. ടാജ് റെസിഡൻസ്, കോഴിക്കോട്, - അരവിന്ദ് കൈമൾ ജി.എം.കെ. റ്റി.സി. ഹോട്ടൽ, ലിമിറ്റഡ്.
10. മലബാർ പാലസ്, കോഴിക്കോട് - പി.എം. ഉതുപ്പ്, മാനേജിംഗ് പാർട്ട്നർ
11. ഹോട്ടൽ സൗത്ത് പാർക്ക് തിരുവനന്തപുരം ജി. മോഹൻദാസ്, മാനേജിംഗ് ഡയറക്ടർ, ഹോട്ടൽസൗത്ത് പാർക്ക്, തിരുവനന്തപുരം.
12. ലക്ഷ്മി ബാർ, പാരിപ്പള്ളി, കൊല്ലം.
13. ഹിമബാർ, നീണ്ടകര, കൊല്ലം.
14. ദി റിനയസൻസ്, പാലാരിവട്ടം, കൊച്ചി, കൃഷ്ണദാസ്, കൃഷ്ണലാൽ, മാനേജിംഗ് പാർട്ണർ, ദി റിനയസൻസ്, കൊച്ചി

അനുബന്ധം VII (a)

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 58 (1881)-ാം നമ്പർ ചോദ്യം ദയവായി കാണുക

(ബി) 1. പോളക്കുളത്ത് ടൂറിസ്റ്റുഹോം

എക്സൈസ് കമ്മീഷണറുടെ 17.12.1999-ലെ എക്സ് സി6. 25071/99 നമ്പർ ഉത്തരവിൻപ്രകാരം ശ്രീ. പി.കെ. നാരായണൻ പ്രൊപ്രൈറ്റർ, പോളക്കുളത്തു ടൂറിസ്റ്റുഹോം, കൊടുങ്ങല്ലൂർ എന്ന പേരിൽ നൽകി.

(2) എം.ആർ. ടൂറിസ്റ്റ് ഹോം

എക്സൈസ് കമ്മീഷണറുടെ 21.12.1999-ലെ എക്സ് സി6.10138/98 ആർ.ഡിസ് ഉത്തരവിൻ പ്രകാരം ശ്രീ. കെ.കെ. ജോസ്, മാനേജിംഗ് പാർട്നർ, എം.ആർ. ടൂറിസ്റ്റ് ഹോം വെള്ളങ്ങല്ലൂർ എന്ന പേരിൽ നൽകി.

(3) സിന്ധുബാർ, കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly